LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകൾ അംഗങ്ങൾക്ക് നൽകിയ വായ്പകളിൽ തിരിച്ചടവ് ഉണ്ടാകാതിരിക്കുക, മറ്റ് ആവശ്യങ്ങൾക്കായി നൽകിയ വായ്പകൾ തിരിച്ചടയ്ക്കാതിരിക്കുക. പൊതുവിതരണ സമ്പ്രദായം, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, വിതരണം തുടങ്ങിയ സഹകരണ വായ്പാ സംവിധാനത്തിലെ വായ്പേതര പ്രവർത്തനങ്ങളിലൂടെ സംഭവിച്ച നഷ്ടം, ഗവൺമെന്റ് ഗ്യാരന്റിയിൽ നേരിട്ട് നൽകിയ വായ്പകൾ തിരിച്ചടയ്ക്കാതിരിക്കുകയും ഗ്യാരന്റി വ്യവസ്ഥ സർക്കാർ പാലിക്കാതിരിക്കുകയും ചെയ്തതിലുണ്ടായ നഷ്ടം, വായ്പ തുകയും, പലിശയും എഴുതി തള്ളിയ വകയിലും സർക്കാർ സമയാസമയങ്ങളിൽ പ്രഖ്യാപിച്ച പലിശ സഹായവും മറ്റു ധനസഹായങ്ങളും നൽകുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച തുടങ്ങിയ ഇനങ്ങളിലുണ്ടായ നഷ്ടം എന്നിവ നികത്തുന്നതിന് പാക്കേജിൽ സാമ്പത്തിക സഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക, കാർഷിക വായ്പാ സംഘങ്ങളുടെ എല്ലാ വായ്പാ പ്രവർത്തനങ്ങളും സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കാർഷിക വായ്പാ പ്രവർത്തനം മൂലമുണ്ടായ നഷ്ടത്തിന്റെ ഒരു ഭാഗവും പൊതുവിതരണ സമ്പ്രദായം മൂലമുണ്ടായ നഷ്ടത്തിന്റെ 50% കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. പൊതുവിതരണ സമ്പ്രദായം മൂലമുണ്ടായ നഷ്ടത്തിന്റെ 50% സർക്കാർ ഗ്യാരന്റി വ്യവസ്ഥ പ്രകാരം വായ്പ തിരിച്ചടയ്ക്കാതെ ഉണ്ടായ നഷ്ടം എന്നിവ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. മറ്റ് കാരണങ്ങളാൽ ഉണ്ടായ നഷ്ടം അതാത് സഹകരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 31-3-2004-ലെ സ്ഥിതി പ്രകാരം നബാർഡ് നടത്തുന്ന സ്പെഷ്യൽ ആഡിറ്റിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തുന്ന നഷ്ടത്തിനായിരിക്കും സാമ്പത്തിക സഹായം ലഭിക്കുക. ആകെ അടങ്കലിന്റെ 68% ബാധ്യത കേന്ദ്ര സർക്കാരും, 28% സംസ്ഥാന സർക്കാരും 4% അതാത് സ്ഥാപനങ്ങളും വഹിക്കേണ്ടി വരുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പാക്കേജ് പൊതുവെ അംഗീകരിക്കാവുന്നതാണ്. എങ്കിലും അത് ലഭ്യമാകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ആയത് കണക്കിലെടുത്ത് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാനത്തിന് യോജിച്ച തരത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം. ആയതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ

5 (968) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയെ തകർക്കുന്ന എന്തെങ്കിലും ഗുരുതര പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ :

(ബി) നിക്ഷേപ സമാഹരണത്തിൽ സഹകരണമേഖലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ വർദ്ധനയുണ്ടായിട്ടുണ്ടോ : എങ്കിൽ എത്ര എന്ന് വിശദമാക്കുമോ :

(സി) സഹകരണമേഖല കുടുംബശ്രീക്ക് നൽകിയ വായ്പ മറ്റു ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ : എങ്കിൽ പരിശോധനാ ഫലം വെളിപ്പെടുത്തുമോ :

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന ഇളവുകൾ പലതും സഹകരണ സ്ഥാപനങ്ങൾക്ക് തിരിച്ചടിയാവുന്നു എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ അതിനുള്ള പരിഹാര നടപടികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഡയറക്ട് ടാക്സ് കോഡ് ബിൽ 2010-ലൂടെ ആദായ നികുതി നൽകേണ്ടവരുടെ പട്ടികയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയതും, 1934-ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കൂടി ബാങ്കിംഗും ഇതര സാമ്പത്തിക സേവനങ്ങളും ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും സേവന നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാക്കുകയും ചെയ്തതും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ബാങ്കുകളല്ലെന്നും പേരിനോടൊപ്പം ബാങ്ക് എന്ന പദം ഉപയോഗിക്കുവാൻ പാടില്ലെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ പുനരുദ്ധാരണ പാക്കേജിൽ നിഷ്കർഷിക്കുകയും ആയതിന്റെ കൂടി അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്ക് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും പ്രാഥമിക സഹകരണ സംഘങ്ങളായ സർവ്വീസ് സഹകരണ ബാങ്കുകളെയും ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകളെയും ബാങ്ക് എന്ന നിർവചനത്തിൽ പെടുത്താൻ ആവില്ലെന്നും തന്മൂലം അവർ സ്വീകരിക്കുന്ന 50,000 രൂപയ്ക്കു മുകളിലുള്ള ചെക്കുകളും ഡ്രാഫ്റ്റുകളും ക്ലിയറിംഗ് ഹൗസ് മുഖേന മാറ്റി നൽകുവാൻ പാടില്ലെന്ന റിസർവ്വ് ബാങ്കിന്റെ കർശന നിർദ്ദേശവും പ്രാഥമിക സഹകരണ ബാങ്കുകളിൽ ഒരു ലക്ഷം രൂപയും അതിൽ കൂടുതലും പണമിടപാടു നടത്തുന്ന വ്യക്തികളുടെയും സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ളവരുടെയും വിവരങ്ങൾ ആദായനികുതി വകുപ്പ് ആവശ്യപ്പെടുന്നതും, ആദായ നികുതി നിയമപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിലെ 5 വർഷ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് നൽകിയിട്ടുള്ള ഇളവ് സഹകരണ ബാങ്കുകൾക്ക് നിഷേധിച്ചതും കൃഷിക്കാരുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ നബാർഡ് കാർഷിക പുനർ വായ്പ യഥാസമയം ലഭ്യമാക്കാത്തതും ഷെഡ്യൂൾഡ് ബാങ്കുകൾക്കു പോലും ലഭ്യമാക്കിയിട്ടുള്ള വിദ്യാഭ്യാസ വായ്പയിന്മേലുള്ള മോറട്ടോറിയവും സബ്സിഡിയും വിദ്യാഭ്യാസ വായ്പാ ഇനത്തിൽ ഏറ്റവും കൂടുതൽ വായ്പ നൽകിയിട്ടുള്ള സഹകരണ മേഖലയ്ക്കു അനുവദിക്കാതിരിക്കുന്നതും പോലെയുള്ള നടപടികൾ സഹകരണ മേഖലയ്ക്ക് പൊതുവേ ദോഷകരമായി ഭവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് 20287.23 കോടി രൂപയായിരുന്ന സഹകരണ മേഖലയിലെ നിക്ഷേപം.

31-3-2007-ന് 28754.60 കോടിയും

31-3-2008-ന് 37641.99 കോടിയും

31-3-2009-ന് 48075.08 കോടിയും

31-3-2010-ന് 61134.16 കോടിയും

15-12-2010-ന് 65669.00 കോടിയും രൂപയായി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു.

(സി) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അനുവദിച്ച വായ്പ മറ്റു ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സഹകരണ ബാങ്കുകളിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗങ്ങൾ മറ്റു ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രൊമോട്ടർമാരായി ഗ്രാമതലത്തിൽ പ്രവർത്തനം ആരംഭിച്ചതായി ആക്ഷേപം ഉണ്ട്.

(ഡി) സർക്കാർ നയപരിപാടിയുടെ ഭാഗമായി പ്രഖ്യാപിക്കുന്ന വിവിധ ഇളവുകളും ആശ്വാസ പദ്ധതികളും നടപ്പിലാക്കുവാൻ സംഘങ്ങൾ/ബാങ്കുകൾ ദീർഘവീക്ഷണത്തോടും കാര്യക്ഷമതയോടും സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതിയുടെ സത്ത ഉൾക്കൊണ്ടും പ്രൊഫഷണൽ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ തിരിച്ചടി ഉണ്ടാവുകയില്ല. കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ നടപ്പാകുന്നതിലെ കാലതാമസം മൂലമുണ്ടാകുന്ന പലിശ നഷ്ടം ഒഴിവാക്കാൻ സഹകരണ സംഘങ്ങൾ, ബാങ്കുകൾ, ഉദ്യോഗസ്ഥർ എന്നിവർ കാര്യക്ഷമതയോടുകൂടി പരിശ്രമിക്കേണ്ടതുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതിയിൻകീഴിൽ വായ്പ

6 (969) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇ.എം.എസ്. ഭവന പദ്ധതിയിൻകീഴിൽ വായ്പ ലഭിച്ചിട്ടുള്ളവർക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ അനുവദിക്കുന്നതിന് തടസ്സമില്ലെന്ന സർക്കാർ ഉത്തരവുണ്ടായിട്ടും ഇത് ലംഘിക്കുന്ന സഹകരണ സംഘങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം നിർമ്മിച്ച/ലഭിച്ച വീടും, സ്ഥലവും പണയമായി സ്വീകരിച്ചുകൊണ്ട് വായ്പ നൽകുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുവാദം നൽകികൊണ്ട് സഹകരണസംഘം രജിസ്ട്രാറുടെ 17-1-2011-ലെ 8/2011-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly